KSFE

ദി കേരള സ്റ്റേററ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിററഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg

തിയ്യതി : 31.03.2022

**സർക്കുലർ നമ്പർ 37/2022 (BD)**

വിഷയം : ചിട്ടി ബിസിനസ്സ് - 2021-22 സാമ്പത്തിക വർഷത്തെ ലക്ഷ്യം ആർജ്ജിച്ചത് സംബന്ധിച്ച്

** ** **

2021-22 സാമ്പത്തിക വർഷത്തിലെ ചിട്ടി ബിസിനസ്സ് ലക്ഷ്യത്തിനേക്കാൾ കൂടുതൽ നേടാൻ കഴിഞ്ഞതിന്റെ ആഹ്ലാദം എല്ലാ കെ.എസ്.എഫ്.ഇ. കുടുംബാംഗങ്ങളുമായി പങ്കുവെയ്ക്കട്ടെ. 758 കോടി രൂപയായിരുന്നു നാം ലക്ഷ്യമായി നിശ്ചയിച്ചിരുന്നത്. എന്നാൽ 2022 മാർച്ച് 31 ന് 763.39 കോടി രൂപയുടെ ചിട്ടി ബിസിനസ്സ് ആർജ്ജിക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. അതായത് 5.39 കോടി രൂപ അധികമായി നാം ചിട്ടി ബിസിനസ്സ് ചെയ്തിരിക്കുന്നു.

കോവിഡ് കാലം പ്രദാനം ചെയ്ത അനിശ്ചിതത്വങ്ങളുടെ നടുവിലൂടെ നീന്തിയാണ് നാം ഈ ഉജ്ജ്വല വിജയം നേടിയത്. ലോകമെങ്ങും സാമ്പത്തിക സ്ഥാപനങ്ങൾ നിശ്ചയിച്ച ലക്ഷ്യങ്ങൾ വെട്ടിക്കുറച്ചിട്ടുപോലും അത് നേടാനായ് ബുദ്ധിമുട്ടുന്ന കാലത്താണ് നമ്മുടെ ഈ തിളക്കമുള്ള വിജയം നേടാൻ കഴിഞ്ഞത്. നമ്മുടെ ജീവനക്കാരുടെ കഠിനാദ്ധ്വാനവും ഭാവനാശേഷിയും ഒത്തിണങ്ങിയ പരിശ്രമമാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചത് എന്ന കാര്യത്തിൽ സംശയമില്ല. അതോടൊപ്പം ഏജന്റുമാരും സന്ദർഭത്തിന് അനുസൃതമായി ചിട്ടി ബിസിനസ്സ് ലക്ഷ്യത്തിലെത്തിക്കുന്നതിൽ നല്ല പങ്കാളിത്തം വഹിക്കുകയുണ്ടായി. അവരെല്ലാവരും അടങ്ങുന്ന കെ.എസ്.എഫ്.ഇ. കുടുംബത്തിന് ഈ മിന്നുന്ന നേട്ടത്തിന് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ബിസിനസ്സ് ശതമാനത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയത് എറണാകുളം റീജിയൺ (71 ശാഖകൾ) ആണ്. 96.10 കോടി രൂപയുടെ ബിസിനസ്സ് ചെയ്തു കൊണ്ട് വാർഷിക ലക്ഷ്യത്തിന്റെ 104.25% നേടാൻ അവർക്ക് കഴിഞ്ഞു. നമ്മുടെ മൊത്തം ബിസിനസ്സിന്റെ 12.58% അവർ സംഭാവന നൽകി. രണ്ടാം സ്ഥാനത്ത് നിൽക്കുന്ന മലപ്പുറം റീജിയൺ 37.89 കോടി രൂപയുടെ ബിസിനസ്സ് കരസ്ഥമാക്കിക്കൊണ്ട് അവർക്ക് നിശ്ചയിച്ച വാർഷിക ലക്ഷ്യത്തിന്റെ 103.67 ശതമാനം നേടാൻ അവർക്ക് കഴിഞ്ഞു. മൊത്തം ബിസിനസ്സിന്റെ 4.96% ആകെ 37 ശാഖകൾ മാത്രമുള്ള ഈ മേഖല സംഭാവന ചെയ്തതാണ്. മൂന്നാം സ്ഥാനത്ത് നിൽക്കുന്ന പാലക്കാട് റീജിയൺ ആകട്ടെ 39.99 കോടി രൂപയുടെ ബിസിനസ്സ് ചെയ്തുകൊണ്ട് വാർഷിക ലക്ഷ്യത്തിന്റെ 102.22 ശതമാനം നേടുകയുണ്ടായി. 32 ശാഖകൾ മാത്രമുള്ള ഈ മേഖല കമ്പനിയുടെ ആകെ ബിസിനസ്സിന്റെ 5.23 ശതമാനം സംഭാവന ചെയ്തു. ഈ മേഖലകളെ നയിച്ച അസിസ്റ്റന്റ് ജനറൽ മാനേജർമാർക്കും അവരുടെ ടീമിനും ഹാർദ്ദമായ അഭിനന്ദനങ്ങൾ. അതോടൊപ്പം തന്നെ മുഴുവൻ ശാഖകളും ബിസിനസ്സ് ലക്ഷ്യം സാക്ഷാത്കരിച്ചു കൊണ്ട് ആലപ്പുഴ

റീജിയൺ മാതൃകാപരമായ നേട്ടമാണ് കാഴ്ചവെച്ചത്. ആ മേഖലയുടെ അസിസ്റ്റന്റ് ജനറൽ മാനേജർക്കും ടീമിനും ആ നേട്ടത്തിന് പ്രത്യേക അഭിനന്ദനങ്ങൾ നേരുന്നു.

നമ്മുടെ 13 മേഖലകളിൽ 11 റീജിയണുകൾക്കും ഈ ദുഷ്കര കാലഘട്ടത്തിൽ വാർഷികലക്ഷ്യത്തിനപ്പുറം ബിസിനസ്സ് ചെയ്യാൻ കഴിഞ്ഞു എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അവിടങ്ങളിൽ നേതൃത്വം കയ്യാളിയ അസിസ്റ്റന്റ് ജനറൽ മാനേജർമാർക്കും ടീമിനും അഭിനന്ദനങ്ങൾ നേരുന്നു.

2021-22 സാമ്പത്തിക വർഷത്തെ കെ.എസ്.എഫ്.ഇ. യുടെ നേട്ടങ്ങളുടെ പട്ടികയിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്താൻ സഹായിച്ച എല്ലാ ജീവനക്കാർക്കും ഏജന്റുമാർക്കും അഭ്യുദയകാംക്ഷികൾക്കും വിശിഷ്യാ ലോകമെമ്പാടുമുള്ള കേരളീയർക്കും ഒരിക്കൽകൂടി നന്ദി പറയുന്നു.

കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി

സുബ്രഹ്മണ്യൻ വി.പി.
മാനേജിംഗ് ഡയറക്ടർ

To:എല്ലാ ശാഖാ തലവൻമാർക്കും

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ